സിവിൽ സപ്ലൈസ് കോർപ്പറേഷൻ വാങ്ങിയ നെല്ലിന്റെ വില

67 [378] *ശ്രീ. എം. എം. ഹസ്സൻ:*
„ വി. ഡി. സതീശൻ:
പ്രൊഫ. കെ. വി. തോമസ്:
ശ്രീ. ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരിച്ച സഹകരണ സംഘങ്ങളിൽ നിന്നും എന്ത് വിലയ്ക്കാണ് അത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വാങ്ങിയത്;

(ബി) സംഘങ്ങൾ സംഭരിച്ച നെല്ല് മില്ലുകളിൽ എത്തിക്കുന്നതിനുള്ള ചെലവ് ആരാണ് വഹിച്ചത്;

(സി) ഈ ചെലവിനത്തിൽ എന്തു തുകയാണ് സംഘങ്ങൾക്ക് നൽകിയത്;

(ഡി) നെല്ലു കുത്തുന്നതിന് മില്ലുകൾക്ക് കൊടുത്ത തുകയെത്രയാണ്;

(ഇ) പ്രസ്തുത ചെലവുകളെല്ലാം കൂടുമ്പോൾ ഒരു കിലോ അരിക്ക് എന്ത് വില വരും?

ഉത്തരം

(എ) നെല്ലിന്റെ സംഭരണ വില നിശ്ചയിക്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷനെ ചുമതലപ്പെടുത്തുകയുണ്ടായി. കാർഷിക സഹകരണ സംഘങ്ങളുമായി ചർച്ച ചെയ്ത ശേഷം മില്ലുകളിലെത്തിക്കുന്ന നെല്ലിന് കിലോഗ്രാമിന് 7 രൂപ എന്ന് വില നിശ്ചയിച്ചതായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്.

(ബി) കാർഷിക സഹകരണ സംഘങ്ങൾ തന്നെയാണ് നെല്ല് മില്ലുകളിൽ എത്തിക്കുന്നതിനുള്ള ചെലവ് വഹിക്കുന്നത്.

(സി) ഈയിനത്തിൽ കോർപ്പറേഷൻ സഹകരണസംഘങ്ങൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

(ഡി) 16-5-2005-ൽ നടത്തിയ ടെണ്ടർ പ്രകാരം സംഘങ്ങളിൽ നിന്നും നെല്ല് ഏറ്റെടുത്ത് സംസ്ക്കരിച്ച് അരിയാക്കി 50 കിലോ വീതം ചാക്കുകളിലാക്കി നൽകുന്നതിന് നെല്ലിന്റെ ഇറക്കുകൂലിയും, അരിയുടെ കയറ്റുകൂലിയും, ചാക്കിന്റെ വിലയും ഉൾപ്പെടെ പാലക്കാട് ജില്ലയിൽ കിന്റിലിന് 85 രൂപയും, എറണാകുളം, കോട്ടയം, ആലപ്പുഴ എന്നീ ജില്ലകളിൽ 87 രൂപയുമാണ് ഏറ്റവും കുറഞ്ഞ നിരക്ക് ലഭിച്ചത്. (ഉമി, തവിട്, പൊടിയരി എന്നിവ മില്ലുകൾക്ക് എടുക്കാവുന്നതാണ്). ഒരു കിലോ നെല്ല് അരിയാക്കുമ്പോൾ 680 ഗ്രാം അരി എന്ന അനുപാതവും, കേന്ദ്ര ഗവൺമെന്റ് നിഷ്കർഷിച്ച ഗുണനിലവാരത്തിലുള്ള അരിയാകണമെന്നുള്ളതും നിബന്ധനകളാണ്. ഇതുവരെ തുകയൊന്നും കൊടുത്തിട്ടില്ല.

(ഇ) വില ഇതുവരെ തിട്ടപ്പെടുത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly